ലത്തിപ ജില്ലാ ട്രഷറർ കെ.ടി. (ട്രഷ).

MM; 15/02/19

# 'പുനർനവ' കാർഷിക മേള നാളെ മുതൽ

കാസർകോട് ● കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ കാസർകോട്, ഐസിഎആർ-കെവികെ, സിപിസിആർഐ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'പുനർനവ' കാർഷിക മേള നാളെ മുതൽ 19 വരെ കാസർകോട് സിപിസിആർഐയിൽ നടക്കും. നാളെ 10.30നു മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം നിർവഹിക്കുമെന്ന് സംഘാടക സമിതി ഭാരവാഹികളായ ഡോ.കെ.മനോജ് കുമാർ, ഡോ.കെ.മുരളീധരൻ, ലവ്‌ലി അഗസ്റ്റിയൻ എന്നിവർ അറിയിച്ചു. 60 സ്റ്റാളുകളിൽ കാർഷിക പ്രദർശനവും വിൽപനയും സംഘടിപ്പിക്കും. 16നു 12 മുതൽ 3 വരെ കാർഷിക പ്രശ്നോത്തരി, 3നു നെല്ല്, പച്ചക്കറി വിളകളിലെ കീട നിവാരണത്തെപ്പറ്റിയും. 17നു 10നു വാഴകൃഷിയിലെ ജൈവ കീട നിയന്ത്രണ മാർഗങ്ങൾ , 11നു ചെറുതേനീച്ച വളർത്തൽ ആദായം 2നു ചെറുതേൻ ഔഷധ ഗുണങ്ങൾ 18നു 10നു ഹൈടെക് ഡയറി ഫാമിങ്, 12നു പുൽകൃഷി, 2നു തോട്ടവിള പരിപാലനം വിഷയങ്ങളിൽ സെമിനാറുകൾ നടത്തും.